ശ്രീ. എ. താണുപിള്ള : ഒൻപതര ലക്ഷം രൂപ എസ്റ്റിമേറ്റ് ചെയ്തിരിക്കുന്നതു് എത്ര മൈൽ റോഡിനാണു്?

ശ്രീ. സി. കേശവൻ : അതിനും ഉത്തരം പറയാൻ നോട്ടീസുവേണം.

ശ്രീ. ഈപ്പൻ അറയ്ക്കൽ : കഴിഞ്ഞകൊല്ലം എത്ര മൈൽ റോഡു വെട്ടിയിട്ടുണ്ടെന്നു് പറയാമോ?

ശ്രീ. സി. കേശവൻ : കൂടുതൽ കണക്കുകളൊന്നും ഇപ്പോൾ എന്റെ കൈവശമില്ല. എന്റെ കയ്യിൽ ഞാനിപ്പോൾപറഞ്ഞ കണക്കുകൾ മാത്രമേ ഉള്ളൂ.

മെമ്മോറാണ്ടം

*ന ൦ ൫. (ന൫)† സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കൊച്ചിഗവണ്മെണ്ടു് എഞ്ചിനിയറിംഗ് സബോർഡിനേറ്റ് അസോസിയേഷനിൽനിന്നു് ഫൻ ൫ ൦ ഡിസമ്പറിൽ ഗവണ്മെണ്ടിലേക്കു് ഒരു മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി എടുത്തു എന്നു ദയവായി പറയാമോ;

(സി) മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിരിക്കുന്ന പ്രധാന കാര്യങ്ങൾ എന്തൊക്കെയെന്നു പറയാമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ) :

(എ) ഉണ്ടു്.

(ബി) അതു ഗവണ്മെണ്ടിന്റെ പരിഗണനയിൽ ഇരിക്കുന്നു.

(സി) കൊച്ചിയിലെ ചില സൂപ്രവൈസറന്മാർക്കു് തക്കതായ യോഗ്യതയില്ലെന്ന വാദത്തെ ആസ്പദമാക്കി അവരെ റിവർട്ട് ചെയ്യരുതെന്നും മറ്റുമാണു്.

ஸ்ரீ. எ. சிதம்பரநாத நாடார் : இந்தக் கேள்வியைக்கேட்ட எம். எல். ஏ. அவர்கள் முன்பு பி. டப்ளியூ. டியில் சம்மந்தமுள்ளவரும், பலவிதமான கன்ட்ராக்டுகள் இருந்ததில்லை தான் இந்தகேள்வி கேட்டிருக்கிறார்களா என்று தெரிய விரும்புகிறேன்.

Mr. Speaker: That question is disallowed.

Written Answers

പാലംപണി

*ന ൦ ന. (ന൪) സാഹിബ് ബഹദൂർ കെ. സി. എം. മേത്തർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പെരിയാർപുഴയിൽ പാലം പണിയുന്ന കാര്യം എത്രത്തോളം പുരോഗമിച്ചിട്ടുണ്ടെന്നും പണി എപ്പോൾ ആരംഭിക്കുമെന്നും ദയവായി പറയാമോ;

†This question was put by Sri. A. M. Thomas, the questioner being absent.

LIBRARY ARCHIVES Kerala Legislative Assembly